(എ) തിരുവിതാംകൂർ വിഭാഗത്തിൽ മാരോ ഇനത്തിലുമായി ആകെ എത്ര കൈത്തറികൾ പ്രവർത്തനം നടത്തുന്നുണ്ട്";

(ബി) അവയുടെ പൂർണ്ണമായ ഒരു സെൻസസ് എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു് എപ്പോൾ എടുത്തതാണു്;

(ഡി) കൈത്തറി നെയ്ത്തുകാരുടെ ആവശ്യത്തിനായി തിരുവിതാംകൂർ വിഭാഗത്തിൽ ആകെ എത്രബെയിൽ നൂൽ വിതരണം ചെയ്യുന്നുണ്ടു്;

(ഇ) കൊച്ചി വിഭാഗത്തിൽ ആകെ എത്ര കൈത്തറികൾ ഉണ്ടു്;

(എഫ്) അവിടെ ആകെ എത്ര ബയിൽ നൂൽ വിതരണം ചെയ്യുന്നു;

(ജി) തിരുവിതാംകൂർ–കൊച്ചി ഐക്യസംസ്ഥാനത്തു് ആകെ മൊത്തം വിതരണം ചെയ്യുന്ന നൂലിൽ എത്ര ബയിൽ നൂൽ സംസ്ഥാനത്തിനകത്തു് ഉല്പാദിപ്പിക്കുന്നുവെന്നും, എത്ര ബയിൽ പുറത്തുനിന്നും വരുത്തുന്നുവെന്നും പറയാമോ;

(എച്ച്) ഐക്യസംസ്ഥാനത്തിനകത്തു് എതെങ്കിലും ഡിസ്ട്രിക്ടിൽ നൂൽ ഉല്പാദകരെതന്നെ വിതരണത്തിനു് ചുമതലപ്പെടുത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ശരാശരി വ ൦ ൦ മുതൽ ക, ൦ ൦ ൦ ബെയിൽ നൂൽവരെ വിതരണം ചെയ്യുന്നുണ്ടു്.

(ഇ) ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല.

(എഫ്) ശരാശരി കറ൦ മുതൽ കരെ൦ വരെ ബെയിൽ നൂൽ വിതരണം ചെയ്യുന്നുണ്ടു്.

(ജി) ശരാശരി വിതരണം ചെയ്യുന്നതിൽ ൪ ൦ ൦ മുതൽ ൫ ൦ ൦ വരെ ബെയിൽ നൂൽ സംസ്ഥാനത്തിനകത്തു് ഉള്ളതും ബാക്കി പുറമേനിന്നു് വരുത്തുന്നതുമാണു്.

(എച്ച്) ഇല്ല.

## നൂൽ വിതരണം

*൯൨൨. (൫൯) ശ്രീ. എസ്. കുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ടെക്സ്റ്റയിൽമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ഇപ്പോഴത്തെ വിതരണം മുഴുവൻ സഹകരണ സംഘങ്ങൾ മുഖേന നടത്തുകയാണോ, അതോ സ്വകാര്യവ്യക്തികൾക്കും ലൈസൻസു് കൊടുത്തു നടത്തുന്നുണ്ടോ;

(ബി) ടെക്സ്റ്റയിൽ അധികാരികൾ നേരിട്ടു് സ്പെഷ്യൽ ചിറകുകൾമൂലം ആർക്കെങ്കിലും നൂൽ കൊടുക്കുന്നുണ്ടോ;

(സി) സമീപകാലത്തു് നെയ്ത്ത വ്യവസായികളിൽനിന്നും തറികളുടെ ഇനവിവരവും മറ്റും ചോദിച്ചു അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടായിരുന്നോ;

(ഡി) അപ്രകാരമുള്ള അപേക്ഷകളെ അടിസ്ഥാനമാക്കി കാർഡുനൽകുവാൻ ഗവണ്മെണ്ടു് തീരുമാനിച്ചിരിക്കയാണോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) സഹകരണസംഘങ്ങൾ മുഖേന മാത്രമാണു് നടത്തുന്നതു്.

(ബി) സർക്കാർ സ്ഥാപനങ്ങൾക്കുമാത്രം കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടായിരുന്നു.

(ഡി) ആ അപേക്ഷകളെ അടിസ്ഥാനമാക്കി തറികൾ നേരിട്ട് പരിശോധിച്ച് കാർഡുകൾ നല്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

## യാചക നിവാരണ കേന്ദ്രങ്ങൾ

*൯൫൯. (൫൨) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന യാചക ഭരിതനിവാരണകേന്ദ്രങ്ങൾക്ക് എന്തു തുകയാണ് ധനസഹായമായി നൽകുന്നത്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ :) പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന യാചക ഭരിതനിവാരണകേന്ദ്രങ്ങൾക്ക് ആണ്ടൊന്നിന് ഏകദേശം ൫൯,൨൫൫ രൂപ ധനസഹായമായി നൽകുന്നു.

## ഗവൺമെൻറ് വക കെട്ടിടം

*൯൯൦. (൫൪) ശ്രീ. കളത്തിൽ വേലായുധൻ നായർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശിവപേരൂരുള്ള ഏതെങ്കിലും ഗവൺമെണ്ടുവക കെട്ടിടം ഒരു പ്രൈവറ്റ് കോളേജിൻെറ ആവശ്യത്തിനായി വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു കോളേജിനാണ്;

(സി) എന്തു വ്യവസ്ഥയിലാണ് കെട്ടിടം വിട്ടുകൊടുത്തിരിക്കുന്നത്;

(ഡി) ആ കെട്ടിടത്തിന് എന്തു വില വരും?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) ഉണ്ട്.

(ബി) സെൻറ് തോമസ്സ് കോളേജിനു്.

(സി) ൨൫ കൊല്ലത്തെ പാട്ടവ്യവസ്ഥയിൽ സ്ഥലത്തിനു് മാസം ഒരു രൂപയും കെട്ടിടത്തിനു് മാസം ൫൦ രൂപയും.

(ഡി) ഉദ്ദേശം ൫൦,൦൦൦ രൂപ.

## ഫാക്ടറി നിയമങ്ങൾ

*൯൯൧. (൭൦) ശ്രീ. പി. കെ. ഡിവർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലും കൊച്ചിയിലും പ്രത്യേകം പ്രത്യേകം ഫാക്ടറി നിയമങ്ങളാണ് നിലവിലിരിക്കുന്നതെന്ന് ഗവൺമെൻറിനറിയാമോ;

(ബി) ഈ നിയമങ്ങളെ ഒന്നാക്കുന്നതിനുള്ള ശ്രമങ്ങൾ എന്താണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) അറിയാം.

(ബി) കേന്ദ്രത്തിലെ ഫാക്ടറി ആക്ട് പാട്ട് ബി. സ്റ്റോറുകൾക്കും ബാധകമാക്കുന്നതിനുള്ള നിയമനിർമ്മാണം കഴിഞ്ഞിരിക്കുകയാണ്. അതു് നടപ്പിലാകുമ്പോൾ ഈ സ്റ്റോറിനു് പ്രത്യേകം ഒരു ഫാക്ടറി ആക്ടിൻെറ ആവശ്യമുണ്ടാകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly